4. ഫോർട്ട് സെക്ഷനിൽ നഗരസഭ പണം ഒടുക്കിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാനുള്ള ജോലികൾ ഒന്നും ബാക്കിയില്ല.

(ഡി) പണം ഒടുക്കിയ ജോലികൾ എത്രയും വേഗം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

159 (1703) പ്ലാമൂട് ചിറ്റിക്കര പ്രദേശത്തെ വോൾട്ടേജ് ക്ഷാമം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോത്തൻകോട് ഗ്രാമപഞ്ചായത്തതിർത്തിയിൽപ്പെട്ട പ്ലാമൂട്-ചിറ്റിക്കര പ്രദേശത്തെ ജനങ്ങൾ വോൾട്ടേജ് ക്ഷാമംമൂലം ദീർഘകാലമായി അനുഭവിച്ചുവരുന്ന ക്ലേശങ്ങൾ പരിഹരിക്കുവാനായി ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കുമോ;

(ബി) സ്ഥലം അകയർ ചെയ്യുന്നതിനുള്ള കാലതാമസം പരിഹരിക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) പോത്തൻകോട് ഗ്രാമപഞ്ചായത്തിൽപ്പെട്ട പ്ലാമൂട്-ചിറ്റിക്കര പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ 11 കെ.വി. പണി നടന്നുകൊണ്ടിരിക്കെ ട്രാൻസ്ഫോർമർ വയ്ക്കുന്നതിനെ സംബന്ധിച്ച് തർക്കവും കോടതി കേസും വന്നതിനാൽ ലൈൻ വലിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) ഇപ്പോൾ പോത്തൻകോട് പഞ്ചായത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് രണ്ടു സെന്റ് സ്ഥലം തരാമെന്ന് സമ്മതിച്ചിട്ടുണ്ട്.സ്ഥലം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

160 (1704) ചെമ്പുകമ്പി കടത്തിയ സംഭവം

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര വൈദ്യുതി ഭവനിൽ നിന്നും 20.2.1999-ന് ചെമ്പുകമ്പി, അലുമിനിയം തുടങ്ങിയ സാധനങ്ങൾ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെ വാങ്ങിക്കൊണ്ടുപോയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സാധനങ്ങൾ കൊണ്ടുപോകുന്നതിന് സർവ്വേ റിപ്പോർട്ട് തയ്യാറാക്കി ക്വട്ടേഷൻ ക്ഷണിച്ച് തുക വാങ്ങാൻ ആരെയെങ്കിലും 20.2.1999-ന് മുൻപായി ചുമതലപ്പെടുത്തിയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ആ ആളിന്റെ പേരും മേൽവിലാസവും വെളിപ്പെടുത്തുമോ; ഈ സാധനങ്ങൾക്ക് വേണ്ടി ബോർഡിന് അടച്ച തുക എത്രയാണ്; തുക അടച്ചത് ഏത് ദിവസമാണ്; രസീത് അംഗീകരിച്ച കോൺട്രാക്ടറുടെ പേരിലാണോ നൽകിയത്; ഇല്ലെങ്കിൽ കാരണമെന്ത്;

(ഡി) രണ്ട് ലക്ഷത്തോളം വിലവരുന്ന സാധനങ്ങൾ കൊട്ടാരക്കര വൈദ്യുതി ഭവനിൽനിന്നും കടത്തിക്കൊണ്ടുപോയതായി പത്രങ്ങളിൽ വാർത്ത വരികയും അതിനെത്തുടർന്ന് 26.2.1999-ന് രസീത് നമ്പർ 135/7569

LIBRARY ARCHIVES Kerala Legislative Assembly